




സംസ്ഥാനത്തെ കേരകർഷകരുടെ ദീർഘകാലത്തെ സ്വപ്നമായിരുന്നു സ്വന്തം തെങ്ങിലെ നീര ഉപയോഗിക്കാനും വിപണനം നടത്താനുമുള്ള അനുവാദം. പലവിധത്തിലുള്ള എതിർപ്പുകളും വിലക്കുകളും മറികടന്ന് നീരവ്യവസായത്തിനു തുടക്കമിടാനായി സംസ്ഥാന സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിരിക്കുകയാണ്. എന്നാൽ അബ്കാരിആക്ടിന്റെ പേരിലുള്ള വിരട്ടലുകൾക്ക് ശമനമുണ്ടാക്കാതെ ഈ സ്വപ്നം യാഥാർഥ്യമാവില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

# 'നീര' നീർരേഖയാകുമോ?

തിരുവനന്തപുരം

ധനകാര്യ മന്ത്രി കെ. എം. മാണി നിയമസഭയിൽ അവതരിപ്പിച്ച ബജറ്റിൽ പത്ത് ജില്ലകളിലായി പത്ത് നീരയുത്പാദകയൂണിറ്റുകൾ ആരംഭിക്കാൻ 15 കോടി രൂപ വകയിരുത്തിയത് കേരളത്തിലെ കേരകർഷകരേയും മദ്യവിരുദ്ധരേയും ഒന്നുപോലെ ആഹ്ളാദിപ്പിച്ചു. ഇന്ന് കേരളത്തിലെ കള്ള് ഷാപ്പുകളിലൂടെ വിതരണം ചെയ്യുന്നത് മനുഷ്യ ശരീരത്തിന് അപകടകരമായ വസ്തുക്കൾ കലർന്ന കൃത്രിമകള്ളാണെന്നത് ഒരു രഹസ്യമേയല്ല.

തെങ്ങിന്റെ കൂമ്പ് ചെത്തുമ്പോൾ അതിൽ നിന്നും ഇറ്റ് വീഴുന്ന തേൻനിറമുള്ള ദ്രാവകത്തെയാണ് നാം നീര യെന്നും മധുരക്കള്ളെന്നും കേരസുധ യെന്നും മറ്റും വിളിക്കുന്നത്. ഇത് പുളിക്കുമ്പോഴാണ് ആർക്കഹോൾ അടങ്ങിയ കള്ളായി അത് മാറുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ ഷോപ്പുകളിൽ നിന്നും കിട്ടുന്നത് ശ്രീലങ്കയിൽ നിന്നും കള്ളകടത്തായി എത്തുന്ന ഒരു തരം പൊടി കലക്കിയ വിഷദ്രാവകം മാത്രമാണെന്ന ദുരവസ്ഥ നിലവിൽ വന്നിട്ട് നാളേറെയായി. ഇത്തരം വിഷക്കള്ള് നിത്യവും കുടിക്കുന്ന കുടിയാന്മാരെ സൂക്ഷ്മമായ ഒരു ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കിയാൽ, ഒരു പക്ഷേ, കേരളത്തിൽ ഇന്ന് വ്യാപക മാവുന്ന അർബുദ - വൃക്ക - ഹൃദ്രോഗങ്ങളുടെ യഥാർത്ഥ കാരണം പുറത്തുവന്നേക്കും.

ഉറപ്പായിത്തന്നെ പറയാൻ കഴിയുന്ന ഒരു കാര്യം, നമ്മുടെ അബ്കാരിനിയമങ്ങൾ പൊളിച്ചെഴുതേണ്ട കാലം ഏറെ വൈകിയെന്നതാണ്. ബജറ്റിൽ 15 കോടി രൂപ നീരയ്ക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും ആദ്യപടിയായി അബ്കാരി നിയമഭേദഗതി




കൾക്കുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് യാതൊരു പരിശ്രമവും എക്സൈസ് വകുപ്പിൽ ഇതുവരെയുണ്ടായിട്ടില്ല. നീരയുത്പാദനവും വിപണനവും നടത്താനുള്ള പൂർണ അവകാശം കേരകർഷകനാണെന്ന അഭിപ്രായം മുഖ്യമന്ത്രിയും കൃഷിമന്ത്രിയും പ്രകടിപ്പിച്ചപ്പോൾ എക്സൈസ് മന്ത്രി പറഞ്ഞത് ചെത്തുതൊഴിലാളികളുടെ സമ്മതം ഇക്കാര്യത്തിൽ വേണമെന്നാണ്. നീരയുടെ വിപണനച്ചുമതല ചെത്തുതൊഴിലാളി സംഘങ്ങൾക്ക് നല്കണമെന്ന നിർദ്ദേശവും അദ്ദേഹം മുന്നോട്ടു വച്ചത്രെ!.

### നീരയുടെ ചരിത്രം

തെങ്ങിൽ നിന്നും പുളിക്കാത്ത കേരസത്ത് ശേഖരിച്ച് ജീവാണുമുക്തമാക്കി ഒരു മധുരപാനീയം പോലെ സംസ്കരിച്ചു സൂക്ഷിക്കാനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കാൻ ആദ്യശ്രമം തുടങ്ങിയത് എൺപതുകളുടെ തുടക്കത്തിൽ വെള്ളായണി കാർഷികകോളജിലായിരുന്നു. സസ്യരോഗ വിഭാഗത്തിൽ പ്രൊഫസറായിരുന്ന പൈലി സാറാണ് കള്ള് പുളിക്കാതെ സംരക്ഷിക്കാനുള്ള നടപടിക്രമങ്ങൾ ആദ്യമായി രൂപപ്പെടുത്തിയത്. ഇതിനായി എക്സൈസ് വകുപ്പിന്റെ പ്രത്യേക അനുമതിയോടെ കോളജ് ഫാമിലുണ്ടായിരുന്ന ഉയരം കുറഞ്ഞ ടി ഃ ഡി തെങ്ങുകളിൽ നിന്നും കള്ളു ചെത്തിയെടുക്കാനായി ഒരു ചെത്തുകാരനെ നിയമിച്ചിരുന്നു. അണുവിമുക്തമാക്കിയ അലുമിനിയം കുടകളിൽ ശേഖരിച്ച തേൻ നിറമുള്ള കേരസുധ ആറുമാസം വരെ പുളിക്കാതെ സൂക്ഷിക്കാനുള്ള ബോട്ട്‌ലിങ്ങ് സമ്പ്രദായങ്ങളും അന്നുതന്നെ കണ്ടെത്തിയിരുന്നു. ഇക്കാര്യങ്ങൾ അടങ്ങിയ വിശദമായ ഒരു റിപ്പോർട്ട് സർക്കാരിന് നല്കുകയും ചെയ്തു. പക്ഷേ, ആ റിപ്പോർട്ടിന്മേൽ അന്നത്തെ സർക്കാർ യാതൊരു നടപടിയും കൈക്കൊണ്ടതായി ഓർക്കുന്നില്ല. സെക്രട്ടേറിയറ്റിലെ ഏതോ ഷെൽഫിൽ സുഖസുഷുപ്തിയിലാകാം ആ റിപ്പോർട്ട്.

ഏതാണ്ട് ഒരു ദശകത്തിനുശേഷമാണ് ഏ. കെ. ആന്റണി സർക്കാരിന്റെ ചാരായ നിരോധന ഉത്തരവ് പുറത്തിറങ്ങിയത്. അതിന് തൊട്ടുപിറകേയാണ് വീണ്ടും മധുരക്കള്ളിന്റെ (നീരയുടെ) കാര്യം സർക്കാരിന്റെ ഓർമയിൽ വീണ്ടുമെത്തി. ഒട്ടും താമസിക്കാതെ പുതിയൊരു ഗവേഷണം കാർഷികസർവകലാശാലയുടെ തന്നെ കീഴിൽ പ്രവർത്തിക്കുന്ന പീലിക്കോട്ടെ പ്രാദേശിക കൃഷിഗവേഷണ കേന്ദ്രത്തിൽ ഡോ. എം. പി. ഗിരിധരന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ഉമ്മൻ ചാണ്ടിയുടെ ആദ്യഭരണകാലത്താണ് കേരസുധയുടെ ഉത്പാദനവും സംസാധനവും സംരക്ഷണവും സംബന്ധി... നിർദ്ദേശങ്ങൾ വീണ്ടും സമർപ്പിക... പ്പെടുന്നത്. ദോഷം പറയരുതല്ലോ... അന്നത്തെ യു.ഡി.എഫ് സർക്കാ... കേരസുധ നിർമാണത്തിനുള... ആദ്യപടിയെന്ന നിലയിൽ തെങ... ചെത്താനും അങ്ങനെയുണ്ടാകുന... കേരസുധ പുളിക്കാതെ സംരക്ഷി... കുപ്പികളിൽ നിറയ്ക്കാനുമുള്ള പ... ശീലനത്തിനായി 20 ചെറുപ്പക്ക... രുടെ ആദ്യബാച്ച് തിരഞ്ഞെടുക്ക... ന്നതുവരെ കാര്യങ്ങൾ പുരോഗമിച്ച... ശ്രദ്ധിക്കേണ്ട ഒരു വസ്തുത... അന്നും എക്സൈസ് വകുപ്പ് ഇ... പദ്ധതിയെ സംശയ ദൃഷ്ടിയോ... തന്നെയാണ് കണ്ടിരുന്നതെന്നാ... കാരണം, അബ്കാരിനിയമങ്ങളി... ഭേദഗതിവരുത്തി ഓർഡിനൻ... പുറപ്പെടുവിക്കാനുള്ള യാതൊ... പരിശ്രമവും അന്നും ഉണ്ടായില്ല.

പിന്നാലെ അധികാരത്തിൽ വ... അച്യുതാനന്ദൻ സർക്കാരാക... കേരസുധ പദ്ധതി തൊഴിലാളി വി... ദ്ധമാകയാൽ വേണ്ടെന്നുവയ്ക്കു... യാണുണ്ടായത്. അഞ്ചു കൊ... ത്തിനുശേഷം വീണ്ടും ഉമ്മൻ ചാ... സർക്കാർ അധികാരത്തിൽ വ... വെങ്കിലും രണ്ടുകൊല്ലത്തെ ഭര... ത്തിന്ശേഷം മാത്രമാണ് ഇപ്പോ... ബജറ്റിൽ ഇതിനായി 15 കോടി രൂ... വകയിരുത്തിയിരിക്കുന്ന...



**അണുവിമുക്തമാക്കിയ അലുമിനിയം കുടകളിൽ ശേഖരിച്ച തേൻ നിറമുള്ള കേരസുധ ആറുമാസം വരെ പുളിക്കാതെ സൂക്ഷിക്കാനുള്ള ബോട്ട്‌ലിങ്ങ് സമ്പ്രദായം എൺപതുകളിൽതന്നെ കണ്ടെത്തിയിരുന്നു.**


പക്ഷേ, ഈ പ്രഖ്യാപനം കൊണ്ടും നീര ഒരു യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷ ഇപ്പോഴും ആർക്കുമില്ല. കാരണം, ആദ്യം ചെയ്യേണ്ടത് അവർ ആദ്യം ചെയ്യുന്നില്ല എന്നതുതന്നെ. അബ്കാരി നിയമത്തിൽ കേരകർഷകർക്ക് സ്വന്തം തെങ്ങ് ചെത്തി പുളിക്കാത്ത മധുര കള്ള് ശേഖരിച്ച് അവർ നിശ്ചയിക്കുന്ന വിലയ്ക്ക് അത് വിപണനം നടത്താനുള്ള അവകാശം സ്ഥാപിച്ചു കിട്ടിയാലേ നീരയുത്പാദനവും വിപണനവും ഒരു യാഥാർത്ഥ്യമായി മാറൂ.

### നീര കേരകർഷകന്റെ സ്വത്ത്

യു.ഡി.എഫ് ആയാലും എൽ.ഡി.എഫ് ആയാലും എക്സൈസ് വകുപ്പിന്റെ കണ്ണിലെ കരട് തന്നെയാണ് നീരയെന്നും അതിന്റെ ഉത്പാദനവും വിപണനവും ഒരിക്കലും യാഥാർത്ഥ്യമാകാൻ പോകുന്നില്ലെന്നും പറയേണ്ടിവരുന്നതിൽ ദുഃഖമുണ്ട്. നീരയുടെ ഉത്പാദനവും വിപണനവും ആരുടെ അവകാശമാണെന്നതു സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് യു.ഡി.എഫ് സർക്കാരിന് ഉണ്ടാകേണ്ടതുണ്ട്. എക്സൈസ് മന്ത്രി ഭയപ്പെടും പോലെ നിലവിലുള്ള കള്ളുചെത്ത് തൊഴിലാളികളുടെ താത്പര്യങ്ങൾ ഒരു വിധത്തിലും നീരയുടെ ഉത്പാദന-വിപണന പരിശ്രമങ്ങൾ കൊണ്ട് ഹനിക്കപ്പെടില്ല. കാരണം, കള്ളും നീരയും രണ്ടാണ്. ആദ്യത്തേതിൽ ആൽക്കഹോൾ അടങ്ങിയിട്ടുള്ളതുകൊണ്ട് അത് അബ്കാരി നിയമങ്ങൾക്കു കീഴിൽ വരുന്ന ഒന്നാണ്. എന്നാൽ നീര ഒരു പോഷക പാനീയമത്രെ. അത് ഭക്ഷ്യസംസ്കരണ നിയമത്തിൽ കീഴിലാണ് വരിക. നീരയുടെ പോഷകനിലവാരവും സംസ്കരണ ഗുണനിലവാരവും ഭക്ഷ്യസംസ്കരണ നിയമമനുസരിച്ച് തിട്ടപ്പെടുത്തുകയാണ് വേണ്ടത്

അതോടൊപ്പം തെങ്ങ് ചെത്താനുള്ള അവകാശം കേരകർഷകന് നല്കുന്ന ഭേദഗതിയാണ് അബ്കാരിനിയമത്തിൽ വരുത്തേണ്ടത്. ഇതിനായി എക്സൈസ് വകുപ്പ് വേണ്ട നിർദ്ദേശങ്ങൾ നിയമവകുപ്പിന് നല്കേണ്ടതുണ്ട്. ഇക്കാര്യത്തിലാണ് ഇപ്പോൾ പ്രതിസന്ധിയുണ്ടായിരിക്കുന്നത്. കേരകർഷകരുടെ ഭാഗത്തുനിന്നും ശക്തമായ പ്രക്ഷോഭം ഉണ്ടായാലേ എക്സൈസ്‌വകുപ്പ് ഉണർന്ന് പ്രവർത്തിക്കൂ. ഇതേക്കുറിച്ച് ചെത്തുതൊഴിലാളി യൂണിയനുകളുമായി കേരകർഷക സംഘടനകൾ എത്രയും വേഗം ചർച്ചകൾ നടത്തണം. ഇപ്പോൾ തന്നെ ഷാപ്പുകളിൽ വില്ക്കുന്ന കള്ളിന്റെ അളവും ചെത്തുതൊഴിലാളികളുടെ എണ്ണവും തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്നാണ് പറഞ്ഞു കേൾക്കുന്നത്. വാസ്തവം അതാണെങ്കിൽ, നിലവിലുള്ള ചെത്തുതൊഴിലാളികളെക്കൊണ്ട് നീരയുടെ ഉത്പാദനം നിർവഹിച്ചെടുക്കുക അസാധ്യമായ കാര്യമാണ്. കേരസുധയുടെ ഉത്പാദനത്തിനായി പുതിയ ചെത്തുതൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കേണ്ടതുണ്ട്.

കേരളത്തിൽ 60 ലക്ഷം വീട്ടുവളപ്പുകൾ ഉണ്ടെന്നാണ് ഒരു ഊഹക്കണക്ക്. ഇതിൽ ഒരു തെങ്ങെങ്കിലും ഇല്ലാത്ത വീട്ടുവളപ്പുകൾ ചുരുക്കമായിരിക്കും. നിലവിലുള്ള ഉയരം കുറഞ്ഞ തെങ്ങുകളിൽ സുഗമമായി കയറാനുള്ള പരിശീലനം ഇപ്പോൾ സ്ത്രീകൾക്ക് വരെ നല്കാനുള്ള ഒരു പദ്ധതി (തെങ്ങിന്റെ ചങ്ങാതിക്കൂട്ടം) നാളികേരബോർഡ് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഗുണഭോക്താക്കളെ കേരസുധ നിർമാണത്തിനായി വഴിതിരിച്ചുവിട്ടാൽ തന്നെ പത്ത് ജില്ലകളിലായി പത്ത് നീര യൂണിറ്റുകൾ സ്ഥാപിക്കാൻ വലിയ ബുദ്ധിമുട്ടുണ്ടാകില്ല. ഈ പദ്ധതി വിജയിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹം യു.ഡി.എഫ് സർക്കാരിനുണ്ടെങ്കിൽ അവർ ആദ്യമായി ചെയ്യേണ്ടത് അബ്കാരിനിയമത്തിൽ ഭേദഗതികൾ വരുത്തി കേരകർഷകരെ സ്വന്തം തെങ്ങിലെ കേരസുധയുടെ അവകാശികളാക്കി പ്രഖ്യാപിക്കുകയാണ്. എത്രയും വേഗം സർക്കാർ അതിനുള്ള നടപടികൾ കൈക്കൊള്ളുമെന്ന പ്രതീക്ഷയിലാണ് കേരളത്തിലെ ഹതാശരായ 60 ലക്ഷം കേരകർഷകർ. ഉമ്മൻ ചാണ്ടിയുടെ അതിവേഗ ബഹുദൂര സർക്കാർ ഇക്കാര്യത്തിൽ ശക്തവും യുക്തവുമായ തീരുമാനങ്ങളെടുത്ത് കേരകർഷകരെ രക്ഷിക്കുമെന്ന് കരുതട്ടെ.



ഇരുപത്തഞ്ചോളം തെങ്ങുകൾ കള്ളുത്പാദനത്തിനായി ചെത്താൻ കൊടുത്തിരിക്കുന്ന കൃഷിക്കാരനാണ് ഞാൻ. ഒരു തെങ്ങിന് മാസം തോറും 200 രൂപ മാത്രമാണ് എനിക്കു പാട്ടം കിട്ടുന്നത്. ഒരു തെങ്ങിൽനിന്നു ശരാശരി രണ്ടു ലിറ്റർ കള്ളാണ് ഇവിടെ കിട്ടുന്നത്. ഒരു ലിറ്റർ കള്ളിന് 70 രൂപയാണ് വില്പനവില. അതായത് ഒരു തെങ്ങിൽനിന്ന് ദിവസം തോറും 140 രൂപയുടെ കള്ള് കിട്ടുന്നു. ഇതിൽ കൃഷിക്കാരന് കിട്ടുന്നത് ദിവസേന 6.25 രൂപ മാത്രമാണ്. തൊഴിലാളിക്ക് 44 രൂപ കിട്ടുമ്പോൾ ബാക്കി 90 രൂപയും ഷാപ്പുടമയ്ക്കു കിട്ടുന്നു. ഇങ്ങനെയാണ് നീരയുടെ ആദായം വീതിക്കപ്പെടുന്നതെങ്കിൽ ഇതൊരു പ്രയോജനമില്ലാത്ത പരിപാടിയായിരിക്കും. നീര ചെത്തിയെടുക്കാനുള്ള അവകാശം കർഷകനു വിട്ടുനൽകുകയാണ് പ്രധാനമായും ചെയ്യേണ്ടത്. അതോടൊപ്പം ഇതിന്റെ സംസ്കരണവും വിപണനവും കൃഷിക്കാരുടെ സംഘങ്ങളെ ഏല്പിക്കുകയും വേണം. എങ്കിൽമാത്രമേ നീര നാളികേരകർഷകർക്കും തെങ്ങുകൃഷിയ്ക്കും പ്രയോജനപ്പെടൂ. അല്ലാത്തപക്ഷം ഏതാനും മുതലാളിമാർക്കുമാത്രം ഉപകരിക്കുന്ന സംവിധാനമായി നീരസംസ്കരണം മാറും

**വിജയനന്ദ കൈമൾ, തുറവൂർ, ആലപ്പുഴ**
**(നാളികേര കർഷകൻ)**